19589
33

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികവർഗ്ഗ ഊരുകൂട്ടം ചേരുന്നത് - യോഗ നടത്തിപ്പിന്റെ ചെലവ് 500/- രൂപയിൽ നിന്ന് 2,500/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ. ഉ. (ആർ.റ്റി) നമ്പർ: 1552/16/പജ.പവ.വിവ. തിരുവനന്തപുരം, തീയതി: 19/10/2016

---

പരാമർശം :- 1) 03.09.2003 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 750/03/പജപവവിവ.

2) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 10.05.2013, 29.07.2016 എന്നീ തീയതികളിലെ ബി3-6473/13 നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കായി സർക്കാർ നടപ്പാക്കുന്ന വിവിധ പദ്ധതികളിലും വികസന പ്രവർത്തനങ്ങളിലും പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഊരുകൂട്ട തീരുമാനമനുസരിച്ചാണ്. പട്ടികവർഗ്ഗ ഊരുകൂട്ട യോഗങ്ങൾ ചേരുന്നതിനും നടത്തിപ്പിനായി എത്തുന്ന അംഗങ്ങൾക്ക് ചായ, ലഘുഭക്ഷണം, വാഹനവാടക എന്നീ ചെലവുകൾക്കും മറ്റുമായി നിലവിൽ 500/- രൂപയാണ് നൽകി വരുന്നത്. ഇപ്പോൾ ജീവിത നിലവാര സൂചിക വളരെയധികം ഉയർന്ന സാഹചര്യത്തിൽ നിലവിലുള്ള 500/- രൂപ 2,500/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പട്ടികവർഗ്ഗ വിസകന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ ഊരുകൂട്ട യോഗം ഫലപ്രദമായി ചേരുന്നതിന് യോഗ നടത്തിപ്പിന്റെ ചെലവ് നിലവിലുള്ള 500/- രൂപയിൽ നിന്നും 2,500/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായി വരുന്ന ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ "2225-02-102-89(2)(P) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**രാജേഷ് കുമാർ എം.**
**അണ്ടർ സെക്രട്ടറി**

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
ചീഫ്, ടി.ആർ.ഡി.എം., അഞ്ചാംനില, വികാസ്ഭവൻ, തിരുവനന്തപുരം.
പ്രോജക്ട് ഓഫീസർമാർ / ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ
(പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിലേക്ക്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Dep

സെക്ഷൻ ഓഫീസർ